# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

RCS/09/2024-EB(1)

തിരുവനന്തപുരം, തീയതി : 31.08.2024
website: www.cooperation.kerala.gov.in
e-mail: keralarcs.coop@kerala.gov.in

വിഷയം: സഹകരണ വകുപ്പ് - ജീവനക്കാര്യം - സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:

1. ജി.ഒ (പി)നം.85/2011/ഫിൻ, തീയതി 26.02.2011.
2. ജി.ഒ (പി)നം.143/2011/ഫിൻ, തീയതി 30.03.2011.
3. ജി.ഒ (പി)നം.7/2016/ഫിൻ, തീയതി 20.01.2016.
4. സർക്കാരിന്റെ 09.08.2024-ലെ സ.ഉ.(സാധാ) നമ്പർ 398/2024/സഹ നമ്പർ ഉത്തരവ്.
5. സർക്കാരിന്റെ 18.01.2024-ലെ സ.ഉ.(സാധാ) നമ്പർ 34/2024/സഹ നമ്പർ ഉത്തരവ്.

മേൽ പരാമർശം (1), (2), (3), ഉത്തരവുകൾ പ്രകാരം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളുടെ 25% ഹയർ ഗ്രേഡ് തസ്തികകളായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാമർശം (4) ഉത്തരവ് പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ (ഹയർ ഗ്രേഡ്) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഒരു ഉദ്യോഗസ്ഥന് ഡെപ്യൂട്ടി രജിസ്ട്രാർ/ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. മേൽ ഒഴിവുകളിൽ പരാമർശം (5) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ നിന്നും ഏറ്റവും സീനിയർ ആയിട്ടുള്ള ചുവടെ പേര് പറയുന്ന അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർമാറിന് 55,200-1,15,300/ ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർമാരുടെ പേര് | 18.01.2024 സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | ഹയർ ഗ്രേഡിന് പ്രാബല്യം നൽകിയ തീയതി |
|---|---|---|---|
| 1 | ശ്രീമതി. ശാന്ത. കെ., (PEN No. 231483) | 113 | 13.08.2024 |

അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവായതിനെ തുടർന്ന് ശമ്പളം നിർണ്ണയിച്ച് നൽകുന്നത് നിലവിലുള്ള വ്യവസ്ഥകൾക്കും അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളയുടെ അംഗീകാരത്തിനും വിധേയമായിരിക്കുന്നതാണ്.

(ഒപ്പ്)
കെ. സജീവ് കർത്താ
അഡീഷണൽ രജിസ്ട്രാർ(ജനറൽ)

വ്യക്തികൾക്ക്:(നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)
പകർപ്പ് :

1) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം , (ഉപരിപത്രം സഹിതം )
2) ഗവൺമെന്റ് സെക്രട്ടറി, സഹകരണ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം,
3) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്,
4) ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം,
5) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും,
6) എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും,
7) ബന്ധപ്പെട്ട ജില്ലാ ട്രഷറി ആഫീസർമാർക്ക്,
8) നോഡൽ ഓഫീസർ, ഐ.റ്റി.സെക്ഷൻ,
9) സ്റ്റോക്ക് ഫയൽ /സ്പെയർ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)